പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ832 30.01.2019 ൽ മറുപടിയ്ക്ക്

## അഗസ്ത്യാർകൂടം കയറുന്നതിന് സ്ത്രീകൾക്ക് അനുമതി

| | ചോദ്യം<br>ശ്രീ.എം.വിൻസെന്റ് | | മറുപടി<br>അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പമന്ത്രി) |
|---|---|---|---|
| (എ) | അഗസ്ത്യാർകൂടം കയറുന്നതിന് സ്ത്രീകൾക്ക് അനുമതി നല്കിയിട്ടുണ്ടോ , | (എ) | അഗസ്ത്യാർകൂടം കയറുന്നതിന് സ്ത്രീകൾക്ക് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഈ വർഷം ഇക്കാര്യത്തിനായി എത്ര സ്ത്രീകളാണ് അപേക്ഷ നല്കിയത്, | (ബി) | ഈ വർഷം അഗസ്ത്യാർകൂടം കയറുന്നതിന് 100 വനിതകളുടെ അപേക്ഷയാണ് ലഭിച്ചിട്ടുള്ളത്. |
| (സി) | അപേക്ഷ നല്കിയിട്ടുള്ള സ്ത്രീകൾക്ക് അഗസ്ത്യാർകൂടം കയറുന്നതിനായി വനം വകുപ്പ് പ്രത്യേക സുരക്ഷയും സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ടോ , വിശദമാക്കുമോ ?. | (സി) | അഗസ്ത്യാർകൂടം കയറുന്നതിനായി സ്ത്രീകൾക്ക് വനംവകുപ്പ് പ്രത്യേക സുരക്ഷയും സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. 16 വനിതാ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെയും, 3 വനിതാ ട്രൈബൽ വാച്ചർമാരെയും, 1 വനിതാ ഫോറസ്റ്റ് വാച്ചറെയും ഡ്യൂട്ടിക്കായി നിയോഗിച്ചിട്ടുണ്ട്. ഗൈഡുമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. അതിരുമല ബേസ് ക്യാമ്പിൽ 2 0 0 സന്ദർശകർക്ക് താമസിക്കുന്നതിനായി 2 സെമിപെർമനൻറ് ക്യാമ്പ് ഷെഡുകൾ നിർമ്മിച്ചിട്ടുണ്ട്. ഇതിൽ വനിതാകൾക്കായി പ്രത്യേകം സ്ഥലം വേർതിരിച്ചിട്ടുണ്ട്. 10 ശുചിമുറികളുള്ളതിൽ വനിതാ സന്ദർ ശകർ ക്കായി 3 എണ്ണവും, 5 കുളിമുറികളുള്ളതിൽ 2 എണ്ണവും നീക്കിവച്ചിട്ടുണ്ട്. വനിതകൾ ഉൾപ്പെടെയുള്ള സന്ദർശകർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കിയിട്ടുണ്ട്. , സന്ദർശകരുടെ സുരക്ഷക്കായി ബോണക്കാട് മുതൽ അതിരുമല വരെയുള്ള നടപ്പാതയിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസറുടെ നേതൃത്വത്തിൽ കൃത്യമായ ഇടവേളകളിൽ പട്രോളിംഗ് നടത്തുന്നുണ്ട്. വാർത്താ വിനിമയ സംവിധാനങ്ങൾക്കായി അതിരുമല ബേസ് ക്യാമ്പിലും പേപ്പാറ റെയിഞ്ച് ആസ്ഥാനത്തും വയർലെസ് യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. ഡ്യൂട്ടിയിലുള്ള ജീവനക്കാർക്ക് വാക്കിടോക്കികൾ വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ